പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3390 29/01/2014- ൽ മറുപടിക്ക്

## മൃഗപരിപാലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി വിജയദാസ്:<br>ശ്രീ.കെ.കെ.നാരായണൻ:<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):<br>ശ്രീ. ബി.ഡി.ദേവസ്സി. | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മൃഗപരിപാലന വ്യാപനത്തിന്റെ ഭാഗമായി 2011 -2012 -ലും 2012- 2013- ലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | (എ) മൃഗപരിപാലന മേഖലയെ ലാഭകരവും ജീവസ്സുറ്റതും ആക്കുന്നതിന് സംസ്ഥാനത്ത് ഫീൽഡ് സന്ദർശനത്തിൽ അധിഷ്ഠിതമായ മൃഗചികിത്സാ വ്യാപന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.<br>പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഘടകങ്ങൾ<br>1) പരിശീലനങ്ങൾക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങൾ സ്ഥാപിച്ചു, നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തി.<br>2) വിജ്ഞാന വ്യാപന വസ്തുക്കളും ദൃശ്യ -ശ്രാവ്യ സഹായികളും ലഭ്യമാക്കി.<br>3) കർഷകർക്കും തൊഴിൽ രഹിത യുവാക്കൾക്കും പരിശീലന പരിപാടി.<br>4) സാങ്കേതിക ഉദ്യോഗസ്ഥർക്ക് ഹ്രസ്വകാല കോഴ്സുകൾ.<br>5) വിജ്ഞാന വ്യാപന കേന്ദ്രങ്ങൾ കർഷകർക്ക് ആവശ്യമുള്ള വിവരങ്ങൾ ലഭ്യമാകുന്ന കേന്ദ്രങ്ങളായി പ്രവർത്തിക്കാൻ വേണ്ടി ശക്തിപ്പെടുത്തി.<br>6) ബോധവൽക്കരണ ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിച്ചു. |

7) മൃഗസംരക്ഷണ വിജ്ഞാന യൂണിറ്റുകൾ സ്ഥാപിച്ചു.

8) ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും വെറ്ററിനറി സർജൻമാർക്കും പ്രാരംഭ പരിശീലനവും ആവർത്തന പരിശീലനവും നൽകി.

9) മൾട്ടി മീഡിയ എക്സ്റ്റെൻഷൻ കിറ്റുകൾ ലഭ്യമാക്കി.

10) ടെലിവിഷൻ ആസ്പദമാക്കിയുള്ള വിജ്ഞാന വ്യാപന പരിപാടികൾ സംഘടിപ്പിച്ചു.

11) മൃഗസംരക്ഷണ വ്യാപന സേവനങ്ങൾക്കാവശ്യമായ ലഘുലേഖകൾ പ്രസിദ്ധീകരിച്ചു.

12) ആശുപത്രികളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിച്ചു.

13) വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലും ശ്രദ്ധേയരായ കർഷകരുടെ കൃഷിയിടങ്ങളുടെ പരിസരത്തും മാതൃകാ പ്രദർശന യൂണിറ്റുകൾ സ്ഥാപിച്ചു.

14) ഫീൽഡ് സന്ദർശനാധിഷ്ഠിത വ്യാപന പരിപാടികൾ.

15) പ്രമുഖ സ്ഥാപനങ്ങളിലേക്കും വിജയം കൈവരിച്ച കർഷകരുടെ/വകുപ്പിന് കീഴിലുള്ള ഫാമുകളിലേക്കും കർഷകർക്ക് പഠനയാത്ര.

16) ഗവൺമെന്റിതര സംഘടനകളും റസിഡന്റ് അസോസിയേഷനുകളുമായി ചേർന്ന് പങ്കാളിത്ത വ്യാപന പരിപാടികൾ, സ്കൂൾ കുട്ടികൾക്കുള്ള പരിപാടികൾ, എന്നിവയും ഈ സ്കീമിനു കീഴിൽ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ കുളമ്പു രോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്ഷീരകർഷകരെ പ്രത്യേകിച്ചും അറിയിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) മേൽ പ്രസ്താവിച്ച എല്ലാ പ്രവർത്തനങ്ങളുടെയും ഭാഗമായി കുളമ്പുരോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്ഷീരകർഷകർക്ക് നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) ജില്ലാ തലത്തിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാരും, സംസ്ഥാനതലത്തിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറും ഇതു സംബന്ധിച്ച അവലോകനം കാലാകാലങ്ങളിൽ നടത്താറുണ്ട്. 27/1/2014 ൽ വിദഗ്ധരുമായി ഇക്കാര്യം ചർച്ച ചെയ്യുകയും പ്രചരണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഇത്തരം പ്രവർത്തനങ്ങൾ നടത്തപ്പെടുമ്പോഴും കുളമ്പ് രോഗം പടർന്ന് പിടിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ? | (ഡി) അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ വൻതോതിൽ കുളമ്പുരോഗം പടർന്നു പിടിക്കുകയും അവിടെ നിന്നും രോഗം ബാധിച്ച ഉരുക്കൾ മാംസ ആവശ്യത്തിനായി ധാരാളമായി കേരളത്തിൽ എത്തിയതും കുളമ്പുരോഗം പടരുന്നതിന് കാരണമായി. കാലാവസ്ഥ യിലുണ്ടായ സാരമായ വ്യതിയാനവും ഒരു കാരണമായി കരുതുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ